>> സംസ്കാര പഠനം

# ദല്ലാൾ ബുദ്ധിജീവികളുടെ ഇറാൻ വിമർശം

● ഹാഫിസ്.പി

**കുടിപ്പകയുടെയും** മുൻവിധിയുടെയും കണ്ണടവെച്ച പടിഞ്ഞാറൻ വ്യവഹാരങ്ങൾ കിഴക്കിനെക്കുറിച്ച പഠനങ്ങളിൽ വരുത്തുന്ന 'അബദ്ധങ്ങൾ'ക്കു നേരെയുള്ള അത്യുഗ്രൻ പ്രഹരമായിരുന്നു എഡ്വേഡ് സൈദിന്റെ 'ഓറിയന്റലിസം'. ഓറിയന്റലിസ്റ്റ് വ്യവഹാരങ്ങളെ ദുർബലമാക്കുന്നതിൽ വലിയ പങ്കുതന്നെ വഹിച്ചു ഈ ക്ലാസിക്. സംസ്കാര പഠനങ്ങൾ(Cultural Studies)ക്ക് കനപ്പെട്ട ഒരാമുഖമായി ഈ കൃതി ഇന്നും വിരാജിക്കുന്നു. ഓറിയന്റലിസ്റ്റ് കൃതികൾ പൂർവദേശങ്ങളെക്കുറിച്ച വാർപ്പുമാതൃകകൾ പടച്ചുവിട്ട് കൊളോണിയലിസത്തിന് മണ്ണൊരുക്കി. തങ്ങളൊഴുക്കുന്ന ഓരോതുള്ളി ചോരയും വിശുദ്ധമായ ഒരു ലക്ഷ്യത്തെ മുൻനിർത്തിയാണ് എന്നു ലോകത്തെ ബോധ്യപ്പെടുത്തി സാമ്രാജ്യത്വ പ്രോജക്റ്റുകൾക്കു മുമ്പിലെ മാർഗതടസ്സങ്ങൾ ഒഴിവാക്കുക എന്നതായിരുന്നു ഓറിയന്റലിസ്റ്റ് നിയോഗം. അങ്ങനെ കിഴക്കുള്ള ജനം അപരിഷ്കൃതരും കാട്ടുനീതി അവിടെ അംഗീകൃത ചട്ടവും ഭരണക്കാർ ജനവിരുദ്ധരുമായി. വിമോചനദൗത്യ ഭാരത്താൽ നടുവൊടിയാറായി നിൽക്കുന്ന പാശ്ചാത്യർ, (ഇംഗ്ലീഷ് സാഹിത്യകാരൻ റുഡ്യാഡ് കിപ്ലിംഗിന്റെ (1867-1931) 'വെള്ളക്കാരന്റെ ഭാരം' (Whiteman's burden) എന്ന കുപ്രസിദ്ധ പ്രയോഗം ഓർക്കുക) തങ്ങളുടെ ഭാരം ഇറക്കിവെക്കാനാവുന്നതിൽ സന്തോഷിച്ചു.

പുതിയകാലത്തും കടന്നുകയറ്റങ്ങൾക്കു മുന്നോടിയായി വമ്പിച്ച പ്രോപഗണ്ട കാമ്പയിനുകളാണ് നടന്നുകൊണ്ടിരിക്കുന്നത്. സിനിമകളും മാധ്യമ റിപ്പോർട്ടുകളും യാത്രാവിവരണങ്ങളും തുടങ്ങി പൊതുബോധത്തെ സ്വാധീനിക്കുന്ന സകലവഴികളും ഇതിനായി ഉപയോഗിക്കുന്നു. സെപ്റ്റംബർ 11-നുശേഷം ഈയിനത്തിലേക്ക് ഒരു പുതിയ സാഹിത്യശാഖ തന്നെ സംഭാവന ചെയ്യപ്പെട്ടു. പടിഞ്ഞാറുനിന്ന് വിദ്യാഭ്യാസം നേടുകയും ഇപ്പോൾ അവിടെ താമസിക്കുകയും ചെയ്യുന്ന മുസ്‌ലിം രാജ്യങ്ങളിലെ ചിലർ (മിക്കവാറും സ്ത്രീകൾ) തങ്ങളുടെ രാജ്യങ്ങളിലെ രസഹീനത്വവും ആവിഷ്കാര നിഷേധ പ്രവണതകളും തങ്ങളുടെ നാടിനെ അപേക്ഷിച്ച് പടിഞ്ഞാറ് നൽകുന്ന അനന്തസാധ്യതകളും വിശകലനം ചെയ്യുന്ന ഓർമക്കുറിപ്പുകളാണ് (Diasporic Memoirs) ഇത്.

ഞങ്ങൾ(പരിഷ്കൃതർ, വിശാലഹൃദയർ) X അവർ(അപരിഷ്കൃതർ, മൗലികവാദികൾ,സ്ത്രീ വിരുദ്ധർ) എന്ന ദ്വന്ദ്വമാണ് ഈ കൃതികളുടെ അടിത്തറയായി വർത്തിക്കുന്നത്. മുസ്‌ലിം രാജ്യങ്ങളിലെ ജനങ്ങൾ രണ്ടുതരക്കാർ മാത്രമാണ്; വില്ലൻമാർ (പരമ്പരാഗത മുസ്‌ലിംകൾ), അല്ലെങ്കിൽ ഇരകൾ (പടിഞ്ഞാറിന്റെ അനുഭാവികൾ).

അഫ്ഗാനെ പശ്ചാത്തലമാക്കി ഖാലിദ് ഹുസൈനി രചിച്ച 'ദ കൈറ്റ് റണ്ണർ' (*പട്ടം പറപ്പിക്കുന്നവൻ* എന്ന പേരിൽ മലയാളത്തിൽ ഈയിടെ പുറത്തുവന്നു) ഒരുദാഹരണം. ഇസ്‌ലാം തലക്കുപിടിച്ച ആസിഫുമാർ കാട്ടിക്കൂട്ടുന്ന തോന്ന്യാസങ്ങളിൽ കാഴ്ചക്കാരായി നിൽക്കുന്ന അഫ്ഗാനിലെ അമേരിക്കൻ സ്നേഹികളുടെ കുറ്റബോധം ചിത്രീകരിക്കുന്ന നോവൽ അമേരിക്കക്കാരെ ദൗത്യനിർവഹണത്തിന് പ്രേരിപ്പിക്കുന്നു.

ഇത്തരം കൃതികളുടെ (ഇവയിലധികവും തനി ചവറാണ്) നികൃഷ്ടമായ രാഷ്ട്രീയത്തെ കാണാതെപോവുക എന്ന കെണിയിൽനിന്നും കുതറിമാറി ഇവയെ നവ ഓറിയന്റലിസ്റ്റ് ആഖ്യാനങ്ങളെന്ന് (New Orientalist narratives) ധീരമായി പ്രശ്നവത്കരിക്കാൻ ചില നിരൂപകർക്ക് സാധിച്ചിട്ടുണ്ട്.

ഇറാനുമായി ബന്ധപ്പെട്ട കൃതികളാണ് ഇവയിൽ ബഹുഭൂരിപക്ഷവും. വിപ്ലവത്തിനുമുമ്പ് ഇറാനിൽ എല്ലാം ശുഭം, സുന്ദരം; വിപ്ലവത്തിനു ശേഷം ഇറാനികൾ തടവിലാക്കപ്പെട്ട ഒരു സമൂഹം എന്ന് ഈ കൃതികൾ ഒരേ സ്വരത്തിൽ ഉദ്ഘോഷിക്കുന്നു. അമേരിക്കയുടെ ഇറാൻ അധിനിവേശ മോഹങ്ങളുടെ പശ്ചാത്തലത്തിലാണ് ഈ കൃതികളെ വായിക്കേണ്ടത്. യൂറോപ്യൻ പുസ്തകശാലകൾ നിറഞ്ഞൊഴുകുന്ന ഈ ഓർമപുസ്തകങ്ങളുടെ കൂട്ടത്തിൽ ഏറ്റവും സ്വീകാര്യത നേടിയ ഒന്നാണ് അസർ നഫീസിയുടെ Reading Lolita in Tehran:A Memoir in Books എന്ന കൃതി. ശിരോവസ്ത്രം ധരിക്കാത്തതിന്റെ പേരിൽ ടെഹ്റാൻ യൂനിവേഴ്സിറ്റിയിൽനിന്ന് പുറത്താക്കപ്പെട്ട നഫീസി അമേരിക്കയിലെ വിവിധ യൂനിവേഴ്സിറ്റി





*1. പുസ്തകത്തിന്റെ മുഖചിത്രം: ശിരോവസ്ത്രം ധരിച്ച് തലതാഴ്ത്തി നിൽക്കുന്ന രണ്ട് 'ബന്ദികൾ' 2.യഥാർഥ ചിത്രം: തെരെഞ്ഞെടുപ്പുഫലമറിയാനായി പത്രം നോക്കുന്ന രണ്ട് വിദ്യാർഥിനികൾ*

കളിൽ അധ്യാപികയാണിപ്പോൾ. പാശ്ചാത്യ സാഹിത്യം വായിക്കുന്നതിന് വിലക്കുള്ള ഇറാനിൽ അധ്യാപനവൃത്തിയിൽ നിന്ന് പുറത്താക്കപ്പെട്ട ശേഷം പഠിഞ്ഞാറു തന്നെ വിലക്കപ്പെട്ട ചില കൃതികൾ ഇറാന്റെ സമകാലിക സാമൂഹിക-രാഷ്ട്രീയ കാലാവസ്ഥയുടെ വെളിച്ചത്തിൽ പുനർവായിക്കുന്നതിന് നഫീസി തന്റെ സമർഥകളായ ചില വിദ്യാർഥിനികളെ സംഘടിപ്പിച്ച് നടത്തുന്ന രഹസ്യ ക്ലാസ്സാണ് കൃതിയുടെ കേന്ദ്രം.

അജയ് പി. മങ്ങാട്ട് *മാധ്യമം* ആഴ്ചപ്പതിപ്പിൽ എഴുതിയ 'ഭരണകൂടം തീരുമാനിക്കുമ്പോൾ എല്ലാ വിളക്കുകളും അണയുന്നു' (ഓണപ്പതിപ്പ് 2007) എന്ന ലേഖനത്തിൽ അധികാരത്തിനെതിരെ പോർവിളിയുയർത്തുന്ന കൃതിയായാണ് ഇതിനെ അവതരിപ്പിക്കുന്നത്. നമ്മുടെ എഴുത്തുകാർ ഇറാൻ=ഇസ്‌ലാം തടവറ എന്ന സമവാക്യത്തിന്റെ കെണിയിൽ മുൻ പിൻ നോക്കാതെ കുടുങ്ങിപ്പോകുന്നു എന്നതിന്റെ മികച്ച ഉദാഹരണമായിരുന്നു ആ ലേഖനം.

അസർ നഫീസിയുടെ പുസ്തകത്തിന്റെ നിരൂപണങ്ങൾ വലിയൊരളവിൽ പ്രത്യക്ഷപ്പെട്ടിരിക്കുന്നത് യുദ്ധവിരുദ്ധ വെബ്സൈറ്റുകളിലാണെന്നത് ഒട്ടും കൗതുകകരമല്ല. ആൺകോയ്മയുടെ മേച്ചിൽപുറങ്ങളും ഭാവനയുടെ കൺസ്‌ കോടാലികളുമായ മുസ്‌ലിംനാടുകൾ ന്യായമായും ഒരു വിമോചന ഇടപെടലിന് പാകമായിരിക്കുന്നു എന്നുറക്കെ വിളിച്ചു പറയുന്നുണ്ട് ഈ കൃതി. 'തവിട്ടുനിറമുള്ള പെണ്ണിനെ തവിട്ടു നിറക്കാരനായ ആണിൽ നിന്നും വെള്ളക്കാരനായ പുരുഷൻ വിമോചിപ്പിക്കുന്ന' ഇടപെടൽ എന്ന് പോസ്റ്റ്- കൊളോണിയൽ ഫെമിനിസ്റ്റ് സൈദ്ധാന്തിക ഗായത്രി ചക്രവർത്തി സ്പിവാക് അവരുടെ 'കീഴാളന് സംസാരിക്കാനാവുമോ?' (Can The Subaltern Speak?) എന്ന പ്രബന്ധത്തിൽ വിശേഷിപ്പിച്ച കൂട്ടത്തിൽപ്പെട്ടതാണിത്.

ഇറാൻ സ്വദേശിനിയും ഇപ്പോൾ വാഷിംഗ്ടൺ യൂനിവേഴ്സിറ്റിയിൽ പേർഷ്യൻ സാഹിത്യ അധ്യാപികയുമായ ഫാതിമി കെഷാവർസ് (Fateme Keshavarz) തന്റെ 'ജാസ്മിൻ ആന്റ് സ്റ്റാർസ്: റീഡിംഗ് മോർ ദാൻ ലോലിത ഇൻ ടെഹ്റാൻ' (പ്രസാധനം: യൂണിവേഴ്സിറ്റി ഓഫ് നോർത്ത് കരോലിന പ്രസ്സ്)എന്ന കൃതിയിൽ അസർ നഫീസിയുടെ ഇറാൻ വായനയെ നിശിതമായി വിചാരണ ചെയ്യുന്നുണ്ട് (ഈ പുസ്തകത്തിലാണ് New Oriental Narratives എന്ന പദം ആദ്യമായി ഉപയോഗിച്ചത്). കൊളംബിയ യൂനിവേഴ്സിറ്റിയിലെ ഇറാൻ പഠന-താരതമ്യ സാഹിത്യ പ്രഫസറായ ഹാമിദ് ദബാശി, അസർ നഫീസിക്ക് അമേരിക്കൻ വിദേശനയം തീരുമാനിക്കുന്ന നവയാഥാസ്ഥിതികരുടെ(Neo-Conservatives) മുഖ്യസൈദ്ധാന്തികനായ പോൾ വോൾഫോവിറ്റ്സ്, മുസ്‌ലിം വിരുദ്ധതക്ക് കേളികേട്ട എഴുത്തുകാരൻ ബെർണാഡ് ലൂയിസ്, സാമ്രാജ്യത്വ പ്രചാരണങ്ങൾക്ക് നേതൃത്വം നൽകുന്ന പബ്ലിക് റിലേഷൻസ് ഗ്രൂപ്പായ ബെനഡർ അസോസിയേറ്റ്സ് എന്നിവരുമായുള്ള ബന്ധം ചൂണ്ടിക്കാട്ടുന്നു. ദബാശിക്ക് അസർ നഫീസിയെപ്പോലുള്ള എഴുത്തുകാർ ദല്ലാൾ ബുദ്ധിജീവികളും തദ്ദേശീയ ചാരന്മാരും(Native Informers) ആണ്. ഇന്ത്യക്കാർക്കും ബ്രിട്ടീഷുകാർക്കും ഇടയിൽ ഇടനിലക്കാരായി പ്രവർത്തിക്കാൻ കഴിയുന്ന, രക്തത്തിലും വർണത്തിലും ഇന്ത്യക്കാരും അഭിരുചിയിലും ശീലങ്ങളിലും ബ്രിട്ടീഷുകാരുമായ പൗരന്മാരെ സൃഷ്ടിക്കാൻ വേണ്ടി മെക്കാളെ നടപ്പിലാക്കിയ പ്രൊജക്റ്റിനോടാണ് ഈ യാങ്കീ ഗൂഢാലോചനയെ അദ്ദേഹം താരതമ്യം ചെയ്യുന്നത്. അമേരിക്കൻ പൊതുജനാഭിപ്രായം ആ രാജ്യത്തിന്റെ വിദേശനയരൂപീകരണത്തെ നിർണയിക്കുന്ന അതിപ്രധാന ഘടകമാണ്. അതിനാൽ പൊതുജനാഭിപ്രായം അനുകൂലമാക്കിയെടുത്തുകൊണ്ട് ലോക ഭൂപടം മാറ്റിവരക്കാനുള്ള നവലിബറൽ മുതലാളിത്ത താൽപര്യത്തിന് കൂട്ടിക്കൊടുക്കുകയാണ് നവഓറിയന്റലിസ്റ്റ് കൃതികൾ. ഓറിയന്റലിസം പുതിയ രൂപത്തിൽ ആഞ്ഞടിക്കുമ്പോൾ സെയ്ദിന് പിൻമുറക്കാരുണ്ടായി എന്നത് ചരിത്രത്തിന്റെ ആവർത്തനമാണ്.

ഇറാൻ നിറങ്ങളില്ലാത്ത, ഭാവന കെടുത്തപ്പെട്ട, ഒരടഞ്ഞ സമൂഹമാണ് എന്ന വിമർശനത്തെ കലാവിഷ്കാരങ്ങളാൽ സമ്പന്നമായ അതിന്റെ ഭൂതവും വർത്തമാനവും അപഗ്രഥിച്ചാണ് ഫാതിമി കെഷാവർസ് മറുപടി പറയുന്നത്. ഇറാനിൽ സ്ത്രീകൾ ശബ്ദമില്ലാത്ത ഇരകളാണ് എന്ന ക്ലീഷേയെ പേർഷ്യൻ സാഹിത്യത്തിലെ അതികായരായ ഫറോ ഫറോഖ്സാദ്, 1997-ലെ നോബൽ സമ്മാനത്തിന് നിർദേശിക്കപ്പെട്ട 'ഇറാൻ സിംഹം' സിമിൻ ബെഹ്ബഹാനി,

> **അസർ നഫീസിക്ക് ഇറാനിലെ എല്ലാ പ്രതിലോമ പ്രവണതകളും ഇസ്‌ലാമുമായി ബന്ധപ്പെട്ടതാണ്, എല്ലാ നന്മകളും പടിഞ്ഞാറുനിന്നും കടംകൊണ്ടതും. തിന്മയുടെ ഇസ്‌ലാമീകരണം (Islamisation of Wickedness) നന്മയുടെ പടിഞ്ഞാറുവത്കരണം (Westernisation of Goodness) എന്നാണ് ഫാതിമി ഈ പ്രവണതയെ വിശേഷിപ്പിക്കുന്നത്.**

ഷമൂഷ് പാർസിപൂർ തുടങ്ങിയ എഴുത്തുകാരികളെയും അവരുടെ രചനകളെയും പരിചയപ്പെടുത്തിയാണ് ഫാതിമി ഇടിച്ചു ടക്കുന്നത്. ഇറാനിൽ പാശ്ചാത്യസാഹിത്യം വായിക്കുന്നതും ചർച്ചചെയ്യുന്നതും തടികേടാക്കുന്ന ഏർപ്പാടാണ് എന്ന പ്രസ്താവം പച്ചക്കള്ളമാണ്. ഒരു ഇറാനിയൻ പുസ്തകമേളയിൽ നിന്ന് 'ഡാവിഞ്ചി കോഡി' ന്റെയും ഹിലാരി ക്ലിന്റന്റെ ആത്മകഥയുടെയും പേർഷ്യൻ വിവർത്തനങ്ങൾ വാങ്ങിയതും സ്ത്രീകൾക്ക് ഗർഭഛിദ്രത്തിനുള്ള അവകാശത്തെക്കുറിച്ച ഹിലാരിയുടെ വിവാദ വാദങ്ങൾ അതേപടി വിവർത്തനത്തിലുണ്ട് എന്നുറപ്പുവരുത്തിയതും അവരോർക്കുന്നു. 'പക്ഷേ, ഖേദകരമെന്നു പറയട്ടെ, ഇറാനികൾ ഇതൊക്കെ വായിക്കുന്നുണ്ടെന്ന് ഒരമേരിക്കക്കാരനും അറിയുന്നില്ല, അറിയാൻ അനുവദിക്കുന്നുമില്ല. പകരം, ഇറാനിൽ പുസ്തക ശാലകളേയില്ല എന്നു തട്ടിവിടുന്ന, 'ഇറാനിൽ സാഹിത്യാവിഷ്കാരങ്ങളുടെ അടയാളങ്ങൾ തേടി' (*ന്യൂയോർക്ക് ടൈംസ്*, 2007, മെയ് 27) പോലുള്ള റിപ്പോർട്ടുകളിൽ നിന്നാണ് അമേരിക്കക്കാരൻ ഇറാനെക്കുറിച്ച് മനസ്സിലാക്കുന്നത്' അവർ പറയുന്നു.

അസർ നഫീസിയുടെ പുസ്തകത്തിന്റെ മുഖചിത്രം തന്നെ യാഥാർഥ്യങ്ങളുടെ നേർക്കുള്ള അതിന്റെ കൈയേ

റ്റത്തെ പ്രതീകവത്കരിക്കുന്നു. ശിരോവസ്ത്രം ധരിച്ച് തലതാഴ്ത്തി നിൽക്കുന്ന രണ്ട്'ബന്ദികൾ' ആണ് ചിത്രത്തിലുള്ളത്. പക്ഷേ, ചിത്രം പൂർണമായെടുത്താൽ 2000 ത്തിലെ ഇറാൻ തെരെഞ്ഞെടുപ്പുഫലമറിയാനായി പത്രം നോക്കുന്ന രണ്ട് വിദ്യാർഥിനികളെയാണ് നാം കാണുക. അവരുടെ കൈയിലുള്ള പത്രത്തെയും പിന്നിലുള്ള സഹപാഠികളെയും ഖാതമിയുടെ ചിത്രത്തെയും കത്രിച്ചുകൊണ്ട്, തീർത്തും വിരുദ്ധമായ മറ്റൊരു പ്രതീതി ജനിപ്പിക്കുന്നു. രണ്ടു ചിത്രങ്ങളും പ്രസരിപ്പിക്കുന്ന സന്ദേശങ്ങൾ വ്യക്തമാണല്ലോ. ഒന്ന്, ഇറാനിലെ സ്ത്രീകളുടെ രാഷ്ട്രീയ പങ്കാളിത്തത്തിന്റെ പ്രതീകം. മറ്റേത്, അടുക്കളയിൽ തളച്ചിടപ്പെട്ട പർദ്ദാധാരിണികളുടെ ലോകം. തെഹ്റാൻ യൂനിവേഴ്സിറ്റിക്കു മുമ്പിൽ പ്ലേക്കാർഡുകളേന്തി അവകാശങ്ങൾക്കു വേണ്ടി ശബ്ദിക്കുന്ന സ്ത്രീകളെ മുഖചിത്രമാക്കിയതിലൂടെ തന്റെ പുസ്തകം ഇറാനിലും കാര്യങ്ങൾ പൂർണമായും ശുഭമല്ലെന്നും, അവകാശങ്ങൾക്കു വേണ്ടി സ്ത്രീകൾ സജീവമായി രംഗത്തുണ്ട് എന്നുമുള്ള സന്ദേശമാണ് കൈമാറാൻ ശ്രമിക്കുന്നത് എന്ന് ഫാതിമി കെഷാവർസ് പറയുന്നു.

ഇസ്‌ലാമിലെ നിയമവശങ്ങൾ- പ്രത്യേകിച്ചും സ്ത്രീകളുമായി ബന്ധപ്പെട്ടവ-ഇറാനിൽ ഇന്ന് പൊതുരംഗത്ത് വലിയ സംവാദങ്ങൾക്കു വിധേയമായിക്കൊണ്ടിരിക്കുന്നു. മുമ്പ് പുരുഷവ്യാഖ്യാനങ്ങൾക്ക് മാത്രം വിധേയമായിരുന്ന സ്ത്രീയവകാശങ്ങളുമായി ബന്ധപ്പെട്ട ഖുർആൻ സൂക്തങ്ങൾ പൊതുസംവാദങ്ങൾക്ക് വിഷയീഭവിക്കുന്നത് പരിഷ്കരണങ്ങൾക്കും തിരുത്തലുകൾക്കും വഴിയൊരുക്കും എന്ന് ഫാതിമി പ്രത്യാശിക്കുന്നു. അതുവരെ വീടിന്റെ മൂലകളിൽ ചടഞ്ഞിരുന്ന, ഷായുടെ കാലത്ത് പർദ്ദാനിരോധനിയമ (കഷ്ഫെ ഹിജാബ്) ലംഘനത്തിനുള്ള ശിക്ഷ പേടിച്ചുകൊണ്ടു മാത്രം പുറത്തിറങ്ങുകയും ചെയ്തിരുന്ന വനിതകളെ 'സമഗ്രാധിപത്യത്തിനെതിരെ പൊരുതേണ്ടത് ഇസ്‌ലാമിക ബാധ്യതയാണ്' എന്നുണർത്തി രാഷ്ട്രീയ ഇടപെടലുകളുടെ ആദ്യപാഠങ്ങൾ അഭ്യസിപ്പിച്ചത് ഖുമൈനിയാണെന്നതാണ് വസ്തുത. 'വിദ്യ അഭ്യസിക്കാനും വിവാഹമോചനം ആവശ്യപ്പെട്ടുകൊണ്ട് കോടതി കയറാനും എല്ലാറ്റിനുമുപരി കാമഭ്രാന്തരെ പേടിക്കാതെ പുറത്തിറങ്ങാനും കഴിയുന്ന ഇറാനിലെ സ്ത്രീകളെ അപേക്ഷിച്ച് ഇരുട്ടുവീണാൽ നിർഭയമായി പുറത്തിറങ്ങാൻ കഴിയാത്ത നമ്മുടെ നാട്ടിലെ സ്ത്രീകൾക്ക് എന്തു സ്വാതന്ത്ര്യമാണുള്ളത്' എന്ന കൽപന ശർമയുടെ ചോദ്യം ('ബിഹൈൻഡ് ദ വെയിൽ' *ദ ഹിന്ദു*, ജൂലൈ 20, 1997) പ്രസക്തമാണ്.

ഇറാനിലെ പുരുഷന്മാർ നഫീസിക്ക് മതഭ്രാന്തരും സ്ത്രീപീഡകരും കുട്ടികളെ ലൈംഗികമായി ഉപയോഗിക്കുന്നവരുമാണ്. സൈനികനും ചിത്രകാരനും ഉറച്ച മതവിശ്വാസിയുമായ തന്റെ അമ്മാവനെ (തന്റെ വ്യക്തിത്വത്തെ ആഴത്തിൽ സ്വാധീനിച്ച അദ്ദേഹത്തിനാണ് പുസ്തകം സമർപ്പിച്ചിരിക്കുന്നത്) പരിചയപ്പെടുത്തിയാണ് ഫാതിമി ഇതിനോട് പ്രതികരിക്കുന്നത്. 'തീർച്ചയായും ഇറാനികൾ മുഴുവനും എന്റെ അമ്മാവനെപ്പോലെയല്ല. ഒരു സമൂഹവും പ്രോജ്ജ്വല വ്യക്തിത്വങ്ങളെ മാത്രം ഉത്പാദിപ്പിക്കുകയില്ലല്ലോ. ഇറാൻ മറ്റേതു സമൂഹത്തെയും പോലെ വില്ലന്മാരുടെയും നല്ലവരുടെയും ഒരു സങ്കരമാണ്.' ശക്തമായ മതകീയാടിത്തറ നിലനിർത്തിക്കൊണ്ടുതന്നെ ആധുനീകരണവും പുരോഗതിയും സാധ്യമാകുന്ന സമൂഹങ്ങൾ സ്വപ്നം മാത്രമാണ് എന്ന അന്ധവിശ്വാസത്തെ വിപ്ലവാനന്തര ഇറാനെ മുൻനിർത്തി ഫാതിമി ഖണ്ഡിക്കുന്നു. അസർ നഫീസിക്ക് ഇറാനിലെ എല്ലാ പ്രതിലോമ പ്രവണതകളും ഇസ്‌ലാമുമായി ബന്ധപ്പെട്ടതാണ്, എല്ലാ നന്മകളും പടിഞ്ഞാറുനിന്നും കടംകൊണ്ടതും. തിന്മയുടെ ഇസ്‌ലാമീകരണം (Islamisation of Wickedness), നന്മയുടെ പടിഞ്ഞാറുവത്കരണം (Westernisation of Goodness) എന്നാണ് ഫാതിമി ഈ പ്രവണതയെ വിശേഷിപ്പിക്കുന്നത്. ഉദാഹരണമായി ഇറാൻ ഭരണകൂടം 80 കളിൽ സിനിമകൾക്കു ശക്തമായ സെൻസർഷിപ്പ് ഏർപ്പെടുത്തിയപ്പോൾ അവിടെ പ്രതി ഇസ്‌ലാം. 90-കളിൽ സിനിമയെ പ്രോത്സാഹിപ്പിച്ചപ്പോൾ അത് പടിഞ്ഞാറൻ ശീലങ്ങളുടെ അനുകരണം. താർകൊവ്സ്കിയുടെ പടം കാണാൻ തിരക്കുകൂട്ടുന്ന ആൾക്കാർക്കിടയിൽ ആ പേരുപോലും തെറ്റുകൂടാതെ എഴുതാനറിയാത്തവരുണ്ടെന്ന് നഫീസി കൊച്ചാക്കുന്നു(പേജ്: 206). ഇറാനിലെ സംഗീതമേളകളും സാംസ്കാരിക സദസ്സുകളും ഒറിജിനലിന്റെ പാരഡി മാത്രം. ഇത്തരം കൂട്ടായ്മകളിൽ പങ്കെടുക്കുന്നവർ വെറും ആൾക്കൂട്ടം (പേ: 299-301).

പർവിൻ ഇത്തിസാമിയുടെ ഒരു കവിതാസമാഹാരം പൂർണമായും മനഃപാഠമാക്കുകയും അവരുടെ കവിതയെപ്പറ്റി വാചാലമാകുകയും ചെയ്യുന്ന ഒരു നിരക്ഷരനെ ഒരു റേഡിയോ പരിപാടിക്കിടെ കണ്ടുമുട്ടിയത് ഫാതിമി ഓർക്കുന്നു. നിരക്ഷരതയെ മഹത്ത്വവത്കരിക്കുകയല്ല എന്നുപറഞ്ഞ് ഫാതിമി പറയുന്നു: 'ഈ സംഭവം ഞാനുദ്ധരിച്ചതിന്റെ പ്രധാന കാരണം ലോകത്തെ ഇതരരോടുള്ള പടിഞ്ഞാറിന്റെ സമീപനം വ്യക്തമാക്കാനാണ്. കാര്യങ്ങൾ പഠിക്കാനും അപഗ്രഥിക്കാനുമുള്ള ശേഷി നമ്മുടേതല്ലാത്ത (പാശ്ചാത്യരുടെ) വഴികളിലൂടെ നേടിയെടുക്കാനാവില്ല, പരമ്പരാഗത സമൂഹങ്ങൾക്ക് ലോകത്തിന് കാര്യമായൊന്നും സംഭാവന ചെയ്യാനില്ല, അവരെ നമ്മുടെ വിളറിയ അനുകരണക്കാരായി മാറ്റാനുള്ള ചോദ്യം ചെയ്യാൻ പാടില്ലാത്ത അവകാശം നമുക്കുണ്ട് എന്നൊക്കെയാണ് നാം വിചാരിക്കുന്നത്. ലോകത്തിലെ ജ്ഞാനതൃഷ്ണയുടെയും ധിഷണയുടെയും കുത്തക നമുക്കില്ല എന്ന് എങ്ങനെയെങ്കിലും മനസ്സിലാക്കാൻ കഴിഞ്ഞാൽ നാം ലോകത്തെ ശരിയായി ഉൾക്കൊണ്ടു. അപ്പോൾ നമ്മുടേത് ഒരു ആഗോള വീക്ഷണമായി മാറും. അപ്പോൾ നമുക്ക് ലോകമെന്നത് പാശ്ചാത്യരെപ്പോലെയാകാൻ പാടുപെടുന്ന ഒരു ബോറൻ ലോകമായിരിക്കുകയില്ല. വൈവിധ്യങ്ങളുടെയും വൈജാത്യങ്ങളുടെയും കേദാരമായ ഒന്നായിരിക്കുമത്.'

ഫാതിമിയുടെ അഭിപ്രായത്തിൽ നവ ഓറിയന്റലിസ്റ്റ് ആഖ്യാനങ്ങൾ മുന്നോട്ടുവെക്കുന്ന മുസ്‌ലിം ചിത്രങ്ങളിൽ കണ്ണുകളുടെ സ്ഥാനത്ത് രണ്ടുവലിയ ദ്വാരങ്ങൾ മാത്രമാണുള്ളത്. കണ്ണുതുറന്നു കാണുവാൻ, കണ്ണുതുറപ്പിക്കുവാൻ എഴുത്തിനും വായനക്കും എന്നു സാധ്യമാകും എന്ന ചോദ്യമാണ് ഫാതിമി കെഷാവർസ് മുന്നോട്ടുവെക്കുന്നത്.

hafismpd@gmail.com

## കുറിപ്പുകൾ

1. Native Informers and the Making of the American Empire: Al Ahram weekly edition: 1-7 June 2006

2. ഫാതിമിയുമായുള്ള അഭിമുഖങ്ങൾക്ക് Z mag.org/ Iran Watch, Mrzinemonthly review.org എന്നിവ സന്ദർശിക്കുക.

3. ഹാമിദ് ദബാശിയുമായുള്ള അഭിമുഖം Zmag.orgൽ